പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4008 18-10-2011-ൽ മറുപടി നൽകേണ്ടത്.

## "അന്യായമായ സ്ഥലം മാറ്റ ഉത്തരവുകൾ"

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. തിലോത്തമൻ (എം.എൽ.എ.)** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹു. റവന്യൂ മന്ത്രി.** |
| (എ) ചേർത്തല താലൂക്ക് ഓഫീസിലും താലൂക്കിലെ വിവിധ വില്ലേജുകളിലും ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥലം മാറ്റിക്കൊണ്ട് ഈ സർക്കാർ വന്നതിനുശേഷം എത്ര ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തസ്തികകളിലെ ജീവനക്കാരെ സ്ഥലം മാറ്റികൊണ്ടുള്ള 6 (ആറ്) ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. |
| (ബി) എൽ.ഡി.സി/വി.എ,യു.ഡി.സി/എസ്.വി.ഒ, വില്ലേജ്മാൻ തസ്തികകളിലുള്ളവരെ സ്ഥലം മാറ്റിക്കൊണ്ട് ചേർത്തല താലൂക്ക് ഓഫീസിൽ നിന്നും ഇറക്കിയിട്ടുള്ള കഴിഞ്ഞ 4 മാസങ്ങൾക്കുള്ളിലെ ഉത്തരവുകൾക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഭരണസൗകര്യത്തിനായി മുൻകാലങ്ങളിൽ തുടർന്നു വന്നിട്ടുള്ള അതേ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തിന് മുൻതൂക്കം നല്കിയാണ് എൽ.ഡി.സി/വി.എ,യു.ഡി.സി/എസ്.വി.ഒ, വില്ലേജ്മാൻ തസ്തികകളിലെ ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുള്ളത്. |
| (സി) മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി ഒരാഫീസിൽ ജോലി ചെയ്യുന്നവരെ അതേ ഓഫീസിൽ നിലനിർത്തിക്കൊണ്ട് വളരെ കുറച്ചുകാലമായി മാത്രം ജോലിചെയ്യുന്നവരെ വളരെ ദൂരെയുള്ള ഓഫീസിലേയ്ക്ക് മാറ്റിക്കൊണ്ട് ഇറക്കിയിട്ടുള്ള പ്രസ്തുത ഉത്തരവുകൾ അടിയന്തിരമായി പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ചേർത്തല താലൂക്കിലെ ഏറ്റവും അകലെയുള്ള വില്ലേജുകൾ തമ്മിലുള്ള ദൂരം ഏകദേശം 22 കിലോമീറ്റർ മാത്രമാണ്. ഭരണ സൗകര്യത്തിന് വേണ്ടിയിട്ടാണ് ജീവനക്കാരെ പരസ്പരം സ്ഥലം മാറ്റിയിട്ടുള്ളത്. മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി ഒരേ ഓഫീസിൽ തുടരുന്നവരെ ഒരുമിച്ച് സ്ഥലം മാറ്റുന്നത് ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാൽ പടിപടിയായിട്ടാണ് ഇത്തരം ജീവനക്കാരുടെ സ്ഥലം മാറ്റം നടത്തുന്നത്. |
| (ഡി) ഇത്തരം സ്ഥലം മാറ്റ ഉത്തരവുകൾ ഇറക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | മുൻകാലങ്ങളിൽ തുടർന്നുവന്നിരുന്ന അതേ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യം മാത്രം മുൻനിർത്തിയാണ് സ്ഥലം മാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ ഇത്തരം സ്ഥലമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ